# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1840 — 08.06.2018-ൽ മറുപടിക്ക്

### മ്യൂസിയങ്ങൾ

**ചോദ്യം**

**ശ്രീ.കെ.സുരേഷ് കുറുപ്പ്**

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയം അന്തർദേശീയ നിലവാരത്തിൽ പുനഃരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധസമിതിയുടെ നേതൃത്വത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അതിന്റെ പ്രാരംഭ നടപടികൾക്കായി മ്യൂസിയം കെട്ടിടത്തിന്റെ കൺസർവേഷൻ നടത്തുന്നതിന് ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള സെന്റർ ഫോർ ഹെറിറ്റേജ് ഇൻഷ്യേറ്റീവ്സ് എന്ന ഏജൻസിയെ ഏൽപ്പിക്കുകയും, ഡി.പി.ആർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ പുതുതായി ഹെറിറ്റേജ് മ്യൂസിയം നിർമ്മിച്ച് വരുന്നു. മ്യൂസിയം കെട്ടിടം നിർമ്മാണത്തിന്റെ 95% പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യഘട്ടമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതുനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് കേരള നിർമ്മിതി കേന്ദ്രവുമായി നടപടികൾ സ്വീകരിക്കുകയും ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിൻമേൽ തുടർ നടപടി സ്വീകരിച്ച് വരുന്നു.<br>പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തി വരുന്നു. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തെ തീമാറ്റിക് ഇന്ററാക്ടീവ് തലത്തിലേക്ക് ഉയർത്തി ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ ശാസ്ത്രീയമായ പ്രദർശനവും പ്രകാശ വിന്യാസവും നടപ്പിലാക്കിക്കൊണ്ടും മ്യൂസിയം സംബന്ധമായ വിവരങ്ങൾ വിശദമാക്കുന്ന കിയോസ്കുകൾ, വീഡിയോ പ്രദർശനങ്ങൾ, ഡിസ്ക്രിപ്ഷൻ ബോർഡുകൾ, മോഡലുകൾ തുടങ്ങിയവയും ആധുനിക രീതിയിലുള്ള ഇന്ററാക്ടീവ് തീയേറ്റർ റൂമും സജ്ജീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ മറ്റ് മ്യൂസിയങ്ങളുടേയും നിലവാരം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും അവയെ അന്തർദേശീയ നിലവാരമുള്ളവയാക്കുന്നതിനുമായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ 'ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള' എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ബി) | തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ സ്ഥാപനങ്ങളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷി സൗഹൃദ മാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ആവശ്യ മായ സ്പെഷ്യൽ ടോയ് ലറ്റ്, റാമ്പ്, വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലിഫ്റ്റ്, വീൽചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഭിന്ന ശേഷിയുള്ള സന്ദർശകർക്കും സാധാരണ ക്കാർക്കും വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതി പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ആധുനിക രീതിയിലുള്ള ദൃശ്യശ്രാവ്യ സംവിധാന ങ്ങൾ സജ്ജമാക്കുക എന്നതാണ്. ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യ രണ്ടു ഘട്ടമായി തെരഞ്ഞെടുത്ത 200 കലാവസ്തു ക്കളുടെ ഫോട്ടോഗ്രാഫും ഇവയെ സംബന്ധിക്കുന്ന വിശദ വിവരങ്ങളും തയ്യാറാക്കുകയും, കൂടാതെ ടി |

| | | | |
|---|---|---|---|
| | | | മ്യൂസിയത്തിനെ സംബന്ധിച്ച് 4 മിനിട്ട് വീതം ദൈർഘ്യമുള്ള രണ്ട് ഷോർട്ട് ഫിലിമുകൾ, 1 മിനിട്ട് ദൈർഘ്യമുള്ള പത്തോളം മൂവികൾ എന്നിവ ചിത്രീകരിച്ച് സജ്ജമാക്കി. ഇതിനും പുറമേ മൂന്നാം ഘട്ടമായി പ്രദർശന വസ്തുക്കളെ സംബന്ധിച്ച് 246 പേജുകളുള്ള ഒരു വെബ്സൈറ്റ് തയ്യാറാക്കുകയും ചെയ്തു.<br>നാലാം ഘട്ടമായി ഭിന്നശേഷിയുള്ള സന്ദർശകർക്കായി ബ്രെയിലി ലിപിയിൽ തയ്യാറാക്കിയ വിവരങ്ങൾ ലഭ്യമാക്കിയും മറ്റു സന്ദർശകർക്കായി ഇന്ത്യൻ ഭാഷകളായ ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ വിവരങ്ങൾ തയ്യാറാക്കിയും പ്രസ്തുത മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ട്.<br>അഞ്ചാംഘട്ടമായി 120 മിനിട്ട് ദൈർഘ്യമുള്ള ശ്രാവ്യ സംവിധാനം മൂന്ന് ഭാഷയിൽ തയ്യാറാക്കി സന്ദർശകർക്കായി അവതരിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഇതിനു പുറമേ ഇവയെല്ലാം തന്നെ പൊതുജനങ്ങളായ സന്ദർശകർക്ക് ലഭ്യമാകുന്ന തരത്തിൽ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br>പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള 12 മ്യൂസിയങ്ങളിലും 7 ജില്ലാ പൈതൃക മ്യൂസിയങ്ങളിലും 6 സംരക്ഷിത സ്മാരകങ്ങളിലും ഭിന്നശേഷി സൗഹൃദ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി വീൽ ചെയറുകൾ, ശുചിമുറികൾ, പാർക്കിംഗ് തുടങ്ങിയ ക്രമീകരണങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br>വകുപ്പിന്റെ പ്രധാന മ്യൂസിയങ്ങളിൽ റാംപ് സജ്ജീകരിക്കുന്ന പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. പത്മനാഭപുരം കൊട്ടാരത്തിൽ എത്തുന്ന ഭിന്നശേഷിക്കാരുടെ സൗകര്യത്തിനായി പ്രത്യേകം സ്ഥലത്ത് ആധുനിക ദൃശ്യ മാധ്യമോപകരണങ്ങളുടെ സഹായത്തോടെ കൊട്ടാരത്തിനുള്ളിലെ ദൃശ്യങ്ങൾ കാണുവാനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**